എൻ. സി. സി., എ. സി. സി. ഗേംസ് ഗൈഡ്

* 278. [16] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) എൻ. സി. സി., എ. സി. സി. ഗേംസ് ഗൈഡ് ഈ വിഭാഗങ്ങളിലേക്ക് വിദ്യാർത്ഥി–വിദ്യാർത്ഥിനികളെ എടുത്തു ട്രെയിനിംഗ് നൽകുന്നതു് മെഡിക്കൽ എക്സാമിനേഷൻ കഴിഞ്ഞു് ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ ;

(ബി) അങ്ങനെ അല്ലെങ്കിൽ ട്രെയിനിംഗ് തുടങ്ങുന്നതിനു മുമ്പ് മെഡിക്കൽ എക്സാമിനേഷൻ നിർബന്ധിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) വിറ്റാമിന്റെ കുറവുകൊണ്ടു് പല കുട്ടികൾക്കും drill ചെയ്യുന്ന സമയത്തു് ക്ഷീണവും തലച്ചുറ്റലും ഉണ്ടാകുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനെന്തെങ്കിലും പ്രതിവിധി ചെയ്തുകൊടുക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) എൻ. സി. സി., എ. സി. സി. എന്നീ വിഭാഗങ്ങളിൽ കേഡറ്റുകളെ ചേർക്കുന്നതിനുമുമ്പു മെഡിക്കൽ എക്സാമിനേഷൻ കഴിച്ചു് ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റു് ഹാജരാക്കണമെന്നു നിർബന്ധമുണ്ടു്. എന്നാൽ ഗേംസ് ഗൈഡ് സിലേയ്ക്കു് വിദ്യാർത്ഥിനികളെ എടുക്കുമ്പോഴും മെഡിക്കൽ എക്സാമിനേഷൻ നടത്താറില്ല.

(ബി) ഗേംസ് ഗൈഡ് സിന്റെ കാര്യത്തിൽ മാത്രമേ ചോദ്യം ഉദിക്കുന്നുള്ളൂ. അതു് പരിഗണിക്കുന്നതാണു്.

(സി) അങ്ങനെ ഉണ്ടാകുന്നതായി അറിവില്ല. എന്നാൽ അപൂർവ്വം ചില കേഡറ്റുകളുടെ കാര്യത്തിൽ കായിക പരിശീലനം അവരുടെ ആരോഗ്യത്തിനു ഗുണകരമല്ലെന്നു കാണുകയും അവരെ കായിക പരിശീലനത്തിൽ നിന്നു ഒഴിവാക്കുകയും ചെയ്തിട്ടുണ്ടു്. കൂടാതെ കേഡറ്റുകൾക്കു കായികപരിശീലനത്തിനു ശേഷം ക്ഷീണം പരിഹരിക്കുന്നതിലേക്കായി ഒരു ചെറിയ തുക റിഫ്രെഷ്മെൻറ് അലവൻസായി അനുവദിച്ചിട്ടുമുണ്ടു്.

കോളേജുകളിലെ ഫീസു്

* 279 [17] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആർട്സ്, ട്രെയിനിംഗ് പ്രൊഫഷണൽ കോളേജുകളിൽ ഗവണ്മെൻറു് സ്ഥാപനങ്ങളിലും, സ്വകാര്യസ്ഥാപനങ്ങളിലും വസൂലാക്കുന്ന ഫീസിനേറെയും സ്പെഷ്യൽ ഫീസിനേറെയും നിരക്കിൽ വ്യത്യാസം ഉണ്ടോ ; ഉണ്ടെങ്കിൽ എന്താണു് ;

(ബി) ഗവണ്മെൻറു് നിരക്കിനേക്കാളും മേൽപറഞ്ഞ മൂന്നുവിധ സ്ഥാപനങ്ങളിലും അധികം ഫീസു് വസൂലാക്കുന്ന സ്വകാര്യസ്ഥാപനങ്ങളും ഏതെല്ലാം ; വസൂലാക്കുന്ന ഫീസെത്ര;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈടാക്കുന്ന ഫീസു് എത്രയാണു്;

(ഡി) ഇതിനെപ്പറ്റി ഗവണ്മെൻറിനു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു;

(ഈ) കോളേജുകളിലെ ഫീസു് സമ്പ്രദായം ഏകീകരിക്കാൽ ആവശ്യമായ നടപടികളും എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) വ്യത്യാസമുണ്ട്. പൂർണ്ണവിവരങ്ങളും ശേഖരിച്ചു കഴിഞ്ഞിട്ടില്ല. ശേഖരിച്ചിടത്തോളം വിവരങ്ങളും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു് വെച്ചിട്ടുണ്ട് †

(സി) പ്രതിവർഷം 1250 രൂപ ഫീസും 270 രൂപ സ്പെഷ്യൽ ഫീസും ഈടാക്കുന്നുണ്ട്.

(ഡി) ഉണ്ട്. പ്രൈവറ്റു മെഡിക്കൽ കോളേജുകളിലെ ഫീസ് നിയന്ത്രിക്കുന്നതിനു് ഗവണ്മെന്റിനധികാരമില്ല.

(ഈ) പ്രൈവറ്റു കോളേജുകളെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയാണു് നടപടികളെടുക്കേണ്ടതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഫീസു് ഈടാക്കുന്നതിനെപ്പറ്റിയുള്ള പൂർണ്ണമായ വിവരങ്ങളും ശേഖരിച്ചിട്ടില്ലെന്നു പറഞ്ഞു. സാധാരണഗവണ്മെന്റിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ 360 രൂപ ട്യൂഷൻ ഫീസും 21 രൂപ സ്പെഷ്യൽ ഫീസുമാണു് വാങ്ങുന്നതു്. എന്നാൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ 1250 രൂപ ട്യൂഷൻ ഫീസും 270 രൂപ സ്പെഷ്യൽ ഫീസും വാങ്ങുകയാണു്. ഇതിനുംപുറമെ കുട്ടികളെ ചേർക്കുന്ന ആളുകൾക്കു മാത്രമേ അറിയാവൂ എത്രത്തോളം സാമ്പത്തികബാദ്ധ്യതയുണ്ടെന്നു്. ഗവണ്മെന്റിൽനിന്നും യൂണിവേഴ്സിറ്റിക്കു് നല്ലൊരു തുക ധനസഹായമായി കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് ട്യൂഷൻഫീസും സ്പെഷ്യൽഫീസും എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഒരേപോലെ ആക്കുന്നതിനാവശ്യമായ നടപടികളും ഗവണ്മെന്റിൽനിന്നും യൂണിവേഴ്സിറ്റിയെക്കൊണ്ടു് എടുപ്പിക്കുവാൻ തയാറാകുമോ? ആലപ്പുഴ മെഡിക്കൽ കോളേജിൽ ഫീസ് വർദ്ധനവിനെതിരായി വിദ്യാർത്ഥികളും നടത്തുന്ന സത്യഗ്രഹത്തിൽ ഗവണ്മെന്റു ഇടപെട്ടു് വേണ്ട നടപടികളും ഉടനെ എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇതൊരു പ്രയാസമുള്ള പ്രശ്നമാണു്. പ്രൈവറ്റു സെക്ടറുകളിൽ നടത്തുന്ന മെഡിക്കൽ കോളേജുകൾക്കു് ഗവണ്മെന്റിൽ നിന്നും ഗ്രാന്റു കൊടുക്കാമെന്നു് സമ്മതിച്ചിട്ടുമില്ല. പ്രൈവറ്റു സെക്ടറിൽ ആലപ്പുഴ നടത്തിവരുന്ന മെഡിക്കൽ കോളേജിനു് ഇൻഡ്യാഗവണ്മെന്റിൽ നിന്നും എന്തെങ്കിലും ധനസഹായം ചെയ്തതായിട്ടും അറിവില്ല. അഡ്ഹോക്കു് കമ്മിറ്റി അഞ്ചുലക്ഷം രൂപ ബിൽഡിംഗ് ഗ്രാന്റായി കൊടുത്തിട്ടുണ്ടു്. മിക്കവാറും പ്രൈവറ്റു ഏജൻസിതന്നെ പണം മുടക്കിനടത്തുന്ന ഒരു സ്ഥാപനമാണു് ആലപ്പുഴ മെഡിക്കൽകോളേജു്. എന്റെ അറിവിൽ, ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവുപോലെതന്നെ അവിടെ ധാരാളം പണം കൊടുത്തു് അഡ്മിഷൻ വാങ്ങാൻ ധാരാളം ആളുകളുണ്ടു്. പരസ്യമായിട്ടതന്നെയാണു് പണം വാങ്ങുന്നതും. അവിടെനിന്നും പാസായി വരുന്ന കുട്ടികളും മോശമാണെന്നാരും പറഞ്ഞിട്ടുമില്ല. സ്വന്തമായി പണം മുടക്കി നടത്തുന്ന വിദ്യാലയങ്ങളുടെമേൽ ഗവണ്മെന്റു് ഇടപെട്ടു എന്തെങ്കിലും നിയന്ത്രണം ചെയ്യുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ആലപ്പുഴ മെഡിക്കൽകോളേജിൽ ഇപ്പോൾ നിർഭാഗ്യകരമായി ഒരു സ്ട്രൈക്കു് വിദ്യാർത്ഥികളും നടത്തുകയാണു്. ഗവണ്മെന്റു് അതിൽ ഇടപെട്ടിട്ടില്ല. ഗവണ്മെന്റു് ഇടപ്പെടണമെന്നാവശ്യപ്പെട്ടിട്ടുമില്ല. അവിടെ 1250 രൂപ ഫീസിനത്തിൽ വാങ്ങുന്നതു് മറ്റു കോളേജുകളെ അപേക്ഷിച്ചു് അത്ര കൂടുതലല്ല. ഇക്കാര്യത്തിൽ ഗവണ്മെന്റു് കൂടുതൽ ധനസഹായം ചെയ്യാമെന്നു് ഏറ്റുകൊണ്ടു് അതിൽ ഇടപെടാനും സാദ്ധ്യമല്ല. അതുകൊണ്ടു് അതിന്മേൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താനും സാദ്ധ്യമല്ല.

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 192 (12)]

Resolutions—Akhila Kerala Samskritha Parishat.

1. The Government may be pleased to constitute a special directorate for inspection, control and development of study of Sanskrit language, literature and Sastras in Kerala.

2. The Pattambi College may be so constituted and inproved as to be in line with the Sanskrit College of Trippunithura and Trivandrum.

3. That the recommendation of the Sanskrit Committee may be implemented immediately and that the Parishat will be very glad to do all help if consulted in the matter.

4. That the Government may be pleased to arrange for having at least one Sanskrit teacher in each school.

5. That the Sanskrit schools in every district may be improved so as to give ample provision for study on modern lines along with the study of Sanskrit language and literature.

6. That separate Inspectors for the supervision and control of studies in Sanskrit in every district may be appointed without delay.

LIBRARY ARCHIVES Kerala Legislative Assembly